പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1498 **01-07-2026-ൽ മറുപടിയ്ക്ക്**

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ബജറ്റ് വിഹിതം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കെ. എൻ. ബാലഗോപാൽ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) 2026 ജൂൺ 19 -ന് അവതരിപ്പിച്ച ബജറ്റിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ബജറ്റ് വിഹിതത്തിൽ കുറവ് വരുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

മറുപടി: പതിനാറാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കിയതിനാലും പ്രതീക്ഷിത കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടാകുന്നതിനാലും 2026-27 സാമ്പത്തിക വർഷത്തെ ആദ്യ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ മതിപ്പു കണക്കിൽ വലിയ ഇടിവുണ്ടാകുന്നത് പരിഗണിച്ച് 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തിന്റെ പദ്ധതി-പദ്ധതിയേതര ചെലവുകൾ യുക്തിസഹമാക്കേണ്ടതായി വന്നിട്ടുണ്ട്. 2026 -27-ലെ പുതുക്കിയ ബജറ്റിൽ ഭരണാനുമതിയുള്ള പ്രവൃത്തികളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലും കുറവ് വരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകങ്ങളിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ബജറ്റ് വിഹിതത്തിലും കുറവ് വന്നിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ 2026-27-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (ഭേദഗതി പത്രിക) (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം I (ഭരണാനുമതിയുള്ള മരാമത്തുപണികൾ) എന്ന ബജറ്റ് രേഖയിൽ ലഭ്യമാണ്.

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിഹിതം കുറച്ചാൽ നിലവിലെ ഭരണാനുമതി ഉത്തരവുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ;

മറുപടി: 2026-27-ലെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിൽ വരുത്തിയ ഭേദഗതി നിലവിൽ ഇതിനകം തന്നെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിയിനത്തിലുള്ള പ്രവൃത്തികൾക്ക് നീക്കി വെച്ചിട്ടുള്ള വിഹിതങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്. അതിനാൽ ഇതിനകം തന്നെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെടുന്ന ശീർഷകങ്ങളിൽ പുതുക്കിയ ബജറ്റ് പ്രകാരം കുറവ് പ്രതിഫലിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതില്ല. പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെടുന്ന ചെലവുകൾ അതത് വകുപ്പുകൾക്ക് നടപ്പ് വർഷം വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വഹിക്കേണ്ടതാണ്. ഇതു മൂലം ഭരണാനുമതി ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിന് യാതൊരു തടസ്സവും നേരിടുന്നില്ല.

(സി) ടെൻഡർ ചെയ്ത് കരാറിൽ ഏർപ്പെട്ട് ആരംഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കാൻ തടസ്സമുണ്ടാകുമോ;

മറുപടി: 2026-27-ലെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിൽ വരുത്തിയ ഭേദഗതി നിലവിൽ ഇതിനകം തന്നെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിയിനത്തിലുള്ള പ്രവൃത്തികൾക്ക് നീക്കി വെച്ചിട്ടുള്ള വിഹിതങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്. അതിനാൽ ഇതിനകം തന്നെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെടുന്ന ശീർഷകങ്ങളിൽ പുതുക്കിയ ബജറ്റ് പ്രകാരം കുറവ് പ്രതിഫലിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതില്ല. പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെടുന്ന ചെലവുകൾ അതത് വകുപ്പുകൾക്ക് നടപ്പ് വർഷം വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വഹിക്കേണ്ടതാണ്. ഇതു മൂലം ഭരണാനുമതി ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിന് യാതൊരു തടസ്സവും നേരിടുന്നില്ല.

(ഡി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ ബിൽ തുക കരാറുകാർക്ക് നൽകാൻ തടസ്സമുണ്ടാകാനിടയുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: 2026-27-ലെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിൽ വരുത്തിയ ഭേദഗതി നിലവിൽ ഇതിനകം തന്നെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതിയിനത്തിലുള്ള പ്രവൃത്തികൾക്ക് നീക്കി വെച്ചിട്ടുള്ള വിഹിതങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്. അതിനാൽ ഇതിനകം തന്നെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പ്രവൃത്തികളുമായി ബന്ധപ്പെടുന്ന ശീർഷകങ്ങളിൽ പുതുക്കിയ ബജറ്റ് പ്രകാരം കുറവ് പ്രതിഫലിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതില്ല. പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെടുന്ന ചെലവുകൾ അതത് വകുപ്പുകൾക്ക് നടപ്പ് വർഷം വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തി വഹിക്കേണ്ടതാണ്. ഇതു മൂലം ഭരണാനുമതി ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിന് യാതൊരു തടസ്സവും നേരിടുന്നില്ല.

സെക്ഷൻ ഓഫീസർ